(ബി) അസിസ്റ്റന്റ് സർജൻ തസ്തികയിൽ 438-ഉം നഴ്സ് തസ്തികയിൽ 467-ഉം ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് തസ്തികയിൽ 484-ഉം ലെപ്രസി ഇൻസ്പെക്ടർ തസ്തികയിൽ 354-ഉം ഹോസ്പിറ്റൽ അറ്റന്റന്റ് തസ്തികയിൽ (ഗ്രേഡ് 1-ഉം ഗ്രേഡ് 2-ഉം ഉൾപ്പെടെ) 1926-ഉം ഡ്രൈവർ തസ്തികയിൽ 95-ഉം സ്വീപ്പർ തസ്തികയിൽ 823-ഉം (പാർട്ട്-ടൈം സ്വീപ്പർ ഉൾപ്പെടെ) കുക്ക് തസ്തികയിൽ 187-ഉം ലേഡി ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ 127-ഉം നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ 1043-ഉം ഒഴിവുകൾ നിലവിലുണ്ട്. മുകളിൽ പറഞ്ഞിരിക്കുന്ന 438 അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ നികത്തുന്നതിന്റെ ഭാഗമായി 2-7-2005-ൽ 185 അസിസ്റ്റന്റ് സർജൻമാർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) & (ഡി) പ്രൊമോഷൻ വഴിയും പി. എസ്. സി. വഴിയും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയും ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും തസ്തികകളിലെ നിയമനം

160 [138] *ശ്രീ. സി. ടി. അഹമ്മദ് അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും പുതിയ തസ്തികകൾ അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ആശുപത്രികളിൽ ഏതെല്ലാം തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ എന്നത്തേക്ക് നിയമനം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി ഏതെല്ലാം ആശുപത്രികളിൽ ഐ. പി. ചികിത്സാ സൗകര്യം അനുവദിച്ചു എന്ന് ജില്ലതിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ഇ) ഓരോ ആശുപത്രികളിലും എത്ര കിടക്കകളുണ്ട്; ഇതിനുവേണ്ടി എത്ര തസ്തികകൾ അനുവദിച്ചു?

ഉത്തരം

(എ) ഉണ്ട്.

(ബി) അനുബന്ധം-I ആയി ചേർക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതുതായി സൃഷ്ടിച്ച എല്ലാ തസ്തികകളിലും നിയമനം നടത്തിവരുന്നു.

(ഡി) പത്തനംതിട്ട ജില്ലയിൽ റാന്നിയിലെ എം. സി. ചെറിയാൻ മെമ്മോറിയൽ താലൂക്കാശുപത്രിയിൽ ഐ. പി. ചികിത്സാ സൗകര്യം തുടങ്ങുന്നതിനായി നൂറു കിടക്കകളുള്ള പുതിയ കെട്ടിടം പണി പൂർത്തിയായി പ്രവർത്തനം തുടങ്ങുന്നതിന്റെ ആദ്യപടിയായി അഞ്ച് ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ഇ) ആശുപത്രികളെ സംബന്ധിച്ച വിവരം ഉത്തരം 'ബി'യിൽ കാണുക. പി.എച്ച്.സി.യെ സംബന്ധിച്ച വിവരം അനുബന്ധം-2-ൽ ചേർക്കുന്നു.†

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരുടെ തസ്തികകൾ

161 [139] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഡോക്ടർമാരുടെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കണ്ണൂർ ജില്ലയിലെ പാനൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഡോക്ടർമാരുടെ എത്ര തസ്തികകൾ ഉണ്ട്;

(ഡി) എത്ര തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും അത് നികത്താൻ എന്തെല്ലാം നടപടികൾ എന്നത്തേക്ക് സ്വീകരിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 115 കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ ഉണ്ട്.

(ബി) ഉണ്ട്.

(സി) 5 തസ്തികകൾ ഉണ്ട്. സിവിൽ സർജൻ - 2, അസിസ്റ്റന്റ് സർജൻ - 3.

(ഡി) സിവിൽ സർജന്റെ ഒരൊഴിവുണ്ട്. സിവിൽ സർജൻമാരുടെ സെലക്ട് ലിസ്റ്റ് തയ്യാറാവുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly